പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2163 — 19.6.2012 ൽ മറുപടിയ്ക്ക്

കേരളത്തിലെ ഐ.റ്റി. പാർക്കുകൾ

ചോദ്യം
ശ്രീമതി ജമീലാ പ്രകാശം :

ഉത്തരം
ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

എ) കേരളത്തിൽ നിലവിൽ എത്ര ഐ.റ്റി. പാർക്കുകളാണുള്ളത് ; അവ ഏതെല്ലാമാണ് ;

ബി) അവ ഓരോന്നിലും എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്, പ്രസ്തുത സ്ഥാപനങ്ങളിൽ എത്രപേർ ജോലി ചെയ്യുന്നുണ്ട്, എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ ;

(എ) യും (ബി) യും

തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക് ഒന്നാംഘട്ടം, ഇൻഫോപാർക്ക് തൃശ്ശൂർ, ഇൻഫോപാർക്ക് ചേർത്തല എന്നിങ്ങനെ കേരളത്തിൽ നിലവിൽ ഇപ്പോൾ നാല് ഐ.ടി. പാർക്കുകളാണുള്ളത്. കൂടാതെ ടെക്നോപാർക്ക് മൂന്നാംഘട്ടം, കൊല്ലം ടെക്നോപാർക്ക്, കോഴിക്കോട് സൈബർപാർക്ക് എന്നിവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

നിലവിലുള്ള ഐ.ടി. പാർക്കുകളിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ എണ്ണവും ജീവനക്കാരുടെ എണ്ണവും ചുവടെ ചേർത്തിരിക്കുന്നു.

| | ഐ.ടി. പാർക്ക് | കമ്പനികളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1. | ടെക്നോപാർക്ക്, തിരുവനന്തപുരം | 259 | 37000 |
| 2. | ഇൻഫോപാർക്ക്, കൊച്ചി ഒന്നാംഘട്ടം | 122 | 17000 |
| 3. | ഇൻഫോപാർക്ക്, തൃശ്ശൂർ | 30 | 530 |
| 4. | ഇൻഫോപാർക്ക്, ചേർത്തല | 3 | 70 |
| | ആകെ | 414 | 54600 |

സി) കഴക്കൂട്ടത്തെ ടെക്നോപാർക്കിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് ;

സി) തിരുവനന്തപുരം ടെക്നോപാർക്കിൽ 259 കമ്പനികൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

ഡി) അവിടെ കൂടുതൽ സ്ഥാപനങ്ങൾക്ക് സ്ഥലം അനുവദിക്കാൻ ആലോചിക്കുന്നുണ്ടോ ;

ഇ) ഉണ്ടെങ്കിൽ അത് എപ്രകാരം നല്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ഡി) യും (ഇ) യും

ഉണ്ട്. ടെക്നോപാർക്കിന്റെ "ലാന്റ് അലോട്ട്മെന്റ് പോളിസി" പ്രകാരമുള്ള യോഗ്യതയും Terms & Conditions അനുസരിച്ചാണ് ടെക്നോപാർക്ക് കമ്പനികൾക്ക് സ്ഥലം അനുവദിക്കുന്നത്.

| | |
|---|---|
| എഫ്) കഴക്കൂട്ടത്തിന് സമീപം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ടെക്നോസിറ്റിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ ? | എഫ്) കഴക്കൂട്ടത്തിന് സമീപം സ്ഥാപിക്കുന്ന ടെക്നോസിറ്റിക്കായുള്ള 451 ഏക്കർ ഭൂമിയുടെ ഏറ്റെടുക്കൽ നടപടി ഭൂരിഭാഗവും പൂർത്തിയായിട്ടുണ്ട്. ഇതിൽ ഏകദേശം 57.09 ഹെക്ടർ സ്ഥലത്തിന് പ്രത്യേക സാമ്പത്തിക സാമ്പത്തിക മേഖലാപദവിക്കുള്ള (SEZ) Formal Approval ലഭിച്ചിട്ടുണ്ട്. ടെക്നോസിറ്റിയിൽ TCS ന്റെ Global Training Center ന് വേണ്ടി 82 ഏക്കറും IIITM-K യുടെ Management Institution ന് വേണ്ടി 10 ഏക്കർ ഭൂമിയും ഇൻഫോസിസിന് കേരളത്തിലെ അവരുടെ രണ്ടാമത്തെ ക്യാമ്പസ് സ്ഥാപിക്കുന്നതിനായി 50 ഏക്കർ ഭൂമിയും 90 വർഷത്തെ പാട്ടക്കരാർ അടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്. ടെക്നോസിറ്റിയിൽ ടെക്നോപാർക്കിന് വേണ്ടി 50 ഏക്കർ സ്ഥലം മാറ്റിവച്ചിട്ടുണ്ട്. ഇതിനായുള്ള മാസ്റ്റർ പ്ലാൻ തയ്യാറായി കഴിഞ്ഞു.<br><br>ടെക്നോസിറ്റിക്കാവശ്യമായുള്ള വൈദ്യുതി, ജലം, റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ വികസന നടപടികളും നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ